<u>**15 -ാം കേരള നിയമസഭ**</u>

<u>**5 -ാം സമ്മേളനം**</u>

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3316** **13-07-2022 - ൽ മറുപടിയ്ക്ക്**

# മൂവാറ്റുപുഴ മാറാടി പഞ്ചായത്തിലെ അനധികൃത മണ്ണെടുപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മൂവാറ്റുപുഴ മാറാടി പഞ്ചായത്തിൽ മണ്ണ് മാഫിയയുടെ അനധികൃത പ്രവർത്തനങ്ങളെ ചോദ്യം ചെയ്ത ആദിവാസി വിദ്യാർത്ഥിനിയെ പ്രസ്തുത സംഘം മർദ്ദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിലെ കുറ്റക്കാരെ ഇതുവരെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിൽ ക്രൈം 1632/22 നമ്പറായി അൻസാർ s/o അസീസ്, മുളംകുഴി വീട്, പള്ളിക്കവല, മാറാടി എന്നയാൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും 03/07/2022 ൽ ടിയാളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുള്ളതും, ബഹു. ജില്ലാ സെഷൻസ് കോടതിയുടെ ഉത്തരവ് പ്രകാരം മൂവാറ്റുപുഴ ജയിലിൽ റിമാൻഡ് ചെയ്തിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത മണ്ണെടുപ്പിനെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | പ്രസ്തുത മണ്ണെടുപ്പ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് മാറാടി വില്ലേജ് ഓഫീസർ ടി പ്രവർത്തനം നിർത്തിവെയ്ക്കുന്നതിനു 15.06.2022 തീയതിയിൽ നിരോധന ഉത്തരവ് നൽകുകയും 16.06.2022 തീയതിയിൽ ജിയോളജിസ്റ്റിനും തുടർന്ന് മൂവാറ്റുപുഴ ഭൂരേഖ തഹസിൽദാർക്കും 17.06.2022 തീയതി മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസർക്കും എറണാകുളം ജില്ലാ കലക്ടർക്കും വിവരം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. |
| (സി) | ഇത്രയും വ്യാപകമായ രീതിയിൽ അനധികൃത മണ്ണെടുപ്പ് നടത്തിയതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഉണ്ടെങ്കിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് അറിയിക്കുമോ? | (ഡി) | ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ